## നിങ്ങൾ നന്ദികെട്ടവരാകുന്നു

സ്രഷ്ടാവുമായി അടുത്തബന്ധം സ്ഥാപിക്കാനുള്ള അവന്റെ ക്ഷണത്തെ നിരസിക്കൽ നന്ദികേടിന്റെ ഉത്തുംഗത തന്നെയാണ്.

### അല്ലാഹു നിങ്ങളെ സൃഷ്ടിക്കുകയും എല്ലാം നൽകുകയും ചെയ്തിരിക്കുന്നു

"പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഏർപെടുത്തിത്തരികയും ചെയ്തവൻ. കുറച്ചു മാത്രമെ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ" (ക്വുർആൻ 67:23).

ദീർഘനേരം നമസ്കരിക്കുക വഴി പ്രവാചകൻﷺയുടെ കാലുകൾ നീരുകെട്ടി വീർത്തിരുന്നു. അതേക്കുറിച്ചാരാഞ്ഞ പ്പോൾ അദ്ദേഹം പറഞ്ഞു: എനിക്ക് എന്റെ നാഥന്റെ നന്ദിയുള്ള ദാസനാകേണ്ടേ?"

## നിങ്ങൾ മടിപിച്ചവരാണ്

വിധിദിനനാളിൽ നിങ്ങളുടെ സ്രഷ്ടാവിനോട്, ആകാശ ഭൂമികളുടെ സ്രഷ്ടാവിനോട് എന്ത് ന്യായീകരണമാണ് നിങ്ങൾക്ക് നൽകാനാവുക? 24 മണിക്കൂർ ദൈർഘ്യമുള്ള ഒരു ദിനം നിങ്ങൾക്ക് കനിഞ്ഞ് നൽകിയിട്ട് ആകെ 30 മിനിട്ട് കൊണ്ട് തീർക്കാവുന്ന അഞ്ചുനേരത്തെ നമസ്കാരം മാത്രമാണ് അവന്റെ കൽപന.!

പ്രവാചകൻﷺ പറഞ്ഞു: "ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തന്റെ നാഥനോട് അഞ്ചു കാര്യങ്ങൾ ബോധിപ്പിക്കാതെ ആദമിന്റെ ഒരു പുത്രനെയും മുന്നോട്ട് വിടുകയില്ല: അവന്റെ ജീവിതം എപ്രകാരം ചെലവഴിച്ചു, യുവത്വം എങ്ങനെ ഉപയോഗിച്ചു, അവന്റെ സമ്പത്ത് എങ്ങനെ സ്വരൂപിച്ചു, എപ്രകാരം ചെലവഴിച്ചു, നേടിയ അറിവ് എങ്ങനെ വിനിയോഗിച്ചു (എന്നിവയത്രേ അത്)".

## നിങ്ങൾ ദുരിതമനുഭവിക്കേണ്ടിവരും

അല്ലാഹു പറയുന്നു: "എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞു കളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെനാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടു വരുന്നതുമാണ്. അവൻ പറയും: എന്റെ രക്ഷിതാവേ, നീ എന്തിനാണെന്നെ അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ! അല്ലാഹു പറയും: അങ്ങനെത്തന്നെയാകുന്നു. നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. എന്നിട്ട് നീ അത് മറന്നുകളഞ്ഞു. അത് പോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു"(ക്വുർആൻ 20:124 – 126).

## നിങ്ങൾ സ്വന്തത്തോട് തന്നെയാണ് അക്രമം പ്രവർത്തിക്കുന്നത്

മഹത്ത്വമുടയവനായ അല്ലാഹുവിന് ആരുടെയെങ്കിലും പ്രാർഥനയോ മറ്റുവല്ലതുമോ ആവശ്യമില്ല. അവന്റെ കാരുണ്യം ആവശ്യമായി വരുന്നത് നമുക്കാണ്.

"ലുഖ്മാന് നാം തത്ത്വജ്ഞാനം നൽകുകയുണ്ടായി, നീ അല്ലാഹുവോട് നന്ദി കാണിക്കുക. ആർ നന്ദികാണിച്ചാലും തന്റെ ഗുണത്തിനായി തന്നെയാണ് അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു" (എന്ന് അദ്ദേഹത്തോട് നാം അനുശാസിച്ചു)" (31:12).

## നിങ്ങൾ അവിശ്വാസത്തിൽ ഉലയുന്നു

നമസ്ക്കരിക്കാത്ത വ്യക്തി അവിശ്വാസിയാണെന്നാണ് മിക്ക ഇസ്‌ലാമിക പണ്ഡിതരും അഭിപ്രായപ്പെടുന്നത്. അവർ അതിനായി അവലംബമാക്കുന്നത് താഴെ പറയുന്ന ഹദീഥിനെയാണ്:

"നമ്മെ അവരിൽ നിന്ന് വ്യത്യസ്തരാക്കുന്ന (അതായത് വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിക്കുന്നത്) ഘടകം നമസ്കാരമാകുന്നു. ആരെങ്കിലും അതുപേക്ഷിക്കുന്നുവെങ്കിൽ അവൻ അവിശ്വാസിയായി. മാത്രമല്ല, നബിയുടെ ശിഷ്യന്മാർ നമസ്കാരമല്ലാത്ത മറ്റൊരു കർമത്തിന്റെയും ഉപേക്ഷ അവിശ്വാസമായി കണ്ടിരുന്നില്ല.

## പൊതു ന്യായീകരണങ്ങൾ

സമയമില്ല (ജോലി, പഠനം, തിരക്ക്...): വ്യർഥവും ലളിതവുമായ വഞ്ചന! നിങ്ങൾ നമസ്കാരത്തിന് മുൻഗണന നൽകിയിട്ടില്ല.

എന്റെ ഹൃദയം ശുദ്ധമാണ്: ആരുടെ ഹൃദയമാണ് ശുദ്ധമെന്ന് വിധിക്കുന്നവൻ അല്ലാഹുവാണ്. അവൻ നിങ്ങളോട് നമസ്കരിക്കുവാൻ കൽപിച്ചിരിക്കുന്നു! ആരെക്കാളും ശുദ്ധ ഹൃദയത്തിനുടമയായ മുഹമ്മദ് നബി ﷺ സ്ഥിരമായി മുടക്കമില്ലാതെ നമസ്കരിച്ചിരുന്നു.

## എന്റെ അലാറം

നിങ്ങൾ ക്രമീകരിക്കാതെ അലാറം അടിക്കാതിരിക്കുന്ന അവസ്ഥ അതിവിരളമാണ്.!! ഉദ്ദേശ്യം സംശുദ്ധമാക്കുകയും സുന്നത്തനുസരിച്ച് ഉറങ്ങുകയും ചെയ്യുക.

## വീട്ടുകാർ/പങ്കാളി/മാതാപിതാക്കൾ/കൂട്ടുകാർ എന്നെ തടയുന്നു

നബിﷺ പറഞ്ഞു: "അല്ലാഹുവിനെതിരിൽ ആർക്കും അനുസരണമില്ല. നിങ്ങൾ ഒറ്റക്കാണ് വിചാരണയെ നേരിടേണ്ടത്".

ഞാൻ ഒരുപാട് തെറ്റു ചെയ്യുന്നു: കൃത്യ സമയത്തുള്ള നമസ്കാരം നിങ്ങളെ പാപങ്ങളിൽ നിന്ന് തടയും – നമസ്കരിക്കുക! നമസ്കരിക്കാത്തതിനാലാണ് നിങ്ങൾ പാപം ചെയ്യുന്നത്.

ഈ ഹദീഥ് ഒന്ന് അവലോകനം ചെയ്തു നോക്കൂ: "ഇശാഅ് – ഫജർ നമസ്കാരങ്ങളുടെ പ്രതിഫലത്തെക്കുറിച്ച് അറിയുമായിരുന്നുവെങ്കിൽ ഇഴഞ്ഞുകൊണ്ടായിരുന്നാലും അവർ അതിലേക്ക് (പള്ളിയിലേക്ക്) വരുമായിരുന്നു"

ഭാരമേറിയ ആ ദിനത്തിൽ നിങ്ങളുടെ നാഥനെ അഭിമുഖീകരിക്കുമ്പോൾ നമസ്കാരം ഉപേക്ഷിച്ചതിന് സത്യസന്ധമായ എന്ത് ന്യായമാണ് ബോധിപ്പിക്കാനുണ്ടാവുക?

**NICHE OF TRUTH**
PB No.1981, Vyttila, Cochin 682019, Kerala, India
Tel: 0484 2301576 / 2301275 Fax: 0484 2301175
Email: islam@nicheoftruth.org
Web: www.nicheoftruth.org, www.muhammadnabi.info

# നമസ്കാരത്തിന്റെ പ്രാധാന്യം



**ഇസ്‌ലാമിനെ അറിയുക**

www.nicheoftruth.org

## നമസ്കാരത്തിന്റെ പ്രാധാന്യം

ദുഖകരമെന്നു പറയട്ടെ, നല്ലൊരു ഭാഗം മുസ്‌ലിംകൾ നമസ്കരിക്കുകയോ അതിന്റെ പ്രാധാന്യം ഉൾക്കൊള്ളുകയോ നിബന്ധനകൾ പാലിക്കുകയോ ചെയ്യുന്നില്ല. ദൈവവുമായുള്ള ബന്ധം ശക്തമാക്കുവാനും അവന്റെ അനുഗ്രങ്ങൾക്ക് നന്ദിയുള്ളവരാകാനും അവന്റെ മഹത്ത്വത്തെ കുറിച്ച് സ്വന്തത്തെ ഓർമപ്പെടുത്തുവാനുമെല്ലാം നമസ്കാരം ആവശ്യമാണ്. ശരീരത്തിന് ഭക്ഷണവും ജലവും ഭൗതികാവശ്യങ്ങളാണെന്നപോലെ മനസ്സിന് ആത്മീയാവശ്യങ്ങളുണ്ട്. അരാധനയിലൂടെ പരിരക്ഷിക്കപ്പെടുന്ന ഈ ആത്മീയ പോഷണത്തിന്റെ മർമമാണ് പ്രാർഥന. ആരോഗ്യകരമായ സൗഖ്യം അനുഭവിക്കുന്ന വ്യക്തി പക്ഷേ, അത്മീയമായി നിർജീവമായിരിക്കാം.

പ്രവാചകൻﷺ പറഞ്ഞു: "അല്ലാഹുവെ സ്മരിക്കുന്നവന്റെയും അല്ലാത്തവന്റെയും താരതമ്യം ജീവനുള്ളവനും മരിച്ചവനും പോലെയാണ്".

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞ് കൊള്ളുക" (ക്വുർആൻ 8:24).

## നമസ്കാരത്തിന്റെ സവിശേഷത
## അല്ലാഹുവുമായി നേരിട്ടുള്ള ആശയ സമ്പർക്കം

ഒരു വ്യക്തി തന്റെ സ്രഷ്ടാവുമായി ഏറ്റവും അടുക്കുന്നത് അയാൾ സുജൂദിൽ (സപ്താംഗ പ്രണാമം) ആയിരിക്കുമ്പോഴാണ്.

നമസ്കാരം നമ്മെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നു. ബന്ധം എന്നർഥം വരുന്ന അറബി പദത്തിൽ നിന്നുണ്ടായ വാക്കാണ് അസ്സ്വലാത്ത് അഥവാ നമസ്കാരം.

അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: 'നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ തന്റെ നാഥനുമായി അഭിമുഖ സംഭാഷണത്തിലാണുള്ളത്. ആയതിനാൽ, അവനോടുള്ള സംഭാഷണത്തിൽ അയാൾ കൂടുതൽ ശ്രദ്ധാലുവായിരിക്കട്ടെ. നിങ്ങളുടെ സ്രഷ്ടാവുമായുള്ള ബന്ധത്തെ വിഛേദിക്കാതിരിക്കുക".

## ഒരു ഇസ്‌ലാമിക സ്തംഭം

ഇസ്‌ലാമിലെ മർമപ്രധാനമായ സ്തംഭങ്ങളിൽ രണ്ടാം സ്ഥാനത്താണ് നമസ്കാരം. ഒരു മുസ്‌ലിമിന്റെ നിത്യജീവിതത്തിലെ നിർബന്ധ അനുഷ്ഠാനമാണത്. സാഹചര്യ ഭേദമന്യെ നിർവഹിക്കപ്പെടേണ്ട നിർബന്ധ കർമമാണത്. യുദ്ധവേളയിൽ പോലും അല്ലാഹു മുസ്‌ലിംകളെ നമസ്കാരത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. അവൻ പറയുന്നു:

"പ്രാർഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർഥിക്കുന്നത്. നിങ്ങൾ (ശത്രുവിന്റെ ആക്രമണം) ഭയപ്പെടുകയാ ണെങ്കിൽ കാൽനടയായോ വാഹനങ്ങളിലായോ (നിങ്ങൾക്ക് നമസ്കരിക്കാം). എന്നാൽ നിങ്ങൾ സുരക്ഷിതാവസ്ഥയിലായാൽ നിങ്ങൾക്ക് അറിവില്ലാതിരുന്നത് അല്ലാഹു പഠിപ്പിച്ചുതന്ന പ്രകാരം നിങ്ങൾ അവനെ സ്മരിക്കേണ്ടതാണ്" (ക്വുർആൻ 2:238 – 239).

യുദ്ധവേളയിലെ കാര്യമാണിതെങ്കിൽ സമാധാനവേളയിൽ എന്തായിരിക്കും?

**വിജയം കുടികൊള്ളുന്നത് നമസ്കാരത്തിൽ**

പ്രവാചകൻﷺ പറഞ്ഞു: "ഉഴിർത്തെഴുന്നേൽപിന്റെ നാളിൽ ഒരാൾ ആദ്യമായി ക്ഷണിക്കപ്പെടുന്നത് നമസകാരത്തെ കുറിച്ചുള്ള കണക്ക് ബോധിപ്പിക്കാനാണ്. അത് കൃത്യവും കുറ്റമറ്റതുമെങ്കിൽ അയാൾ സുരക്ഷിതനും വിജയിയുമായിരിക്കും. അത് മോശമെങ്കിൽ അയാൾ നിർഭാഗ്യവാനും നഷ്ടക്കാരനുമായിരിക്കും".

## നമസ്കാരത്തിന്റെ നേട്ടങ്ങൾ
### തിന്മക്കെതിരിലുള്ള പരിച

അല്ലാഹുവിന്റെ സഹായം തേടാതെ തിന്മയിൽ നിന്ന് വിടുതൽ നേടുക അസാധ്യമാണ്. അല്ലാഹു പറയുന്നു: "(നബിയേ,) വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (ക്വുർആൻ 29:45).

ദിനേനഅഞ്ചു നേരം നിശ്ചയ ദാർഢ്യത്തോടെ അല്ലാഹുവിന്റെ മുൻപിൽ നിൽക്കുന്ന നിങ്ങൾ എങ്ങനെ തിന്മയിൽ അകപ്പെടും?

### ആത്മാവിനെ ധന്യമാക്കുന്നു

സ്രഷ്ടാവുമായുള്ള ബന്ധം നിലനിർത്തുകവഴി നമസ്കാരം നിങ്ങളുടെ ആത്മീയ ആവശ്യങ്ങളെ തൃപ്തമാക്കുന്നു. അത് മനസ്സിന് ശാന്തിയും ആശ്വാസവും നൽകുന്നു; വിശിഷ്യാ ഈ തിരക്കിട്ട ജീവിത രീതികൾക്കിടയിൽ.

അല്ലാഹു പറയുന്നു: "അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്"(ക്വുർആൻ 13:28).

### വിനയാന്വിതരാകാൻ

അഹങ്കാരവും ധാർഷ്ട്യവും അല്ലാഹുവിന്റെ മഹത്ത്വവും അവനിലുള്ള ആശ്രിതത്വവും തിരിച്ചറിയുന്നതിൽ നിന്നും നമ്മെ തടയുന്നു. നമസ്കാരത്തിൽ ഒരു മുസ്‌ലിം അയാളുടെ ശരീരത്തിന്റെ ഉന്നത ഭാഗവും വിജ്ഞാനത്തിന്റെ കേന്ദ്രവുമായ ശിരസ്സ് ഭൂമിയിൽ ചേർത്തുവെച്ച് പറയുന്നു "അത്യുന്നതനായ എന്റെ നാഥൻ എത്ര പരിശുദ്ധൻ!"

അല്ലാഹു പറയുന്നു: "തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു" (ക്വുർആൻ 23:1 – 2).

നിശ്ചയമായും ഇത് നേടാനാകുന്നത് പാരായണം ചെയ്യുന്നത് എന്തെന്നറിയുകയും വിനയപുരസ്സരം അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്.

### പാപങ്ങൾ കഴുകിക്കളയുന്നു

ഏവരും പാപം ചെയ്യുന്നു. എന്നാൽ നമസ്കാരത്തിലൂടെ ആ പാപങ്ങളത്രയും കഴുകിക്കളയാനുള്ള മാർഗം അല്ലാഹു നൽകിയിരിക്കുന്നു:

അല്ലാഹു പറയുന്നു: "പകലിന്റെ രണ്ടറ്റങ്ങളിലും, രാത്രിയിലെ ആദ്യയാമങ്ങളിലും നീ നമസ്കാരം മുറപോലെ നിർവഹിക്കുക. തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ നീക്കികളയുന്നതാണ്. ചിന്തിച്ചു ഗ്രഹിക്കുന്നവർക്ക് ഒരു ഉൽബോധനമാണത്" (ക്വുർആൻ 11:114).

തന്റെ സഹചരോട് സംസാരിക്കവെ പ്രവാചകൻ മനോഹരമായ ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കി.

"ഒരാളുടെ വീടിനടുത്ത് ഒരു നദിയുണ്ടായിരിക്കുകയും ദിനേനഅഞ്ചുനേരം അയാളതിൽ കുളിക്കുകയും ചെയ്യുന്നു എങ്കിൽ അയാളിൽ എന്തെങ്കിലും അഴുക്ക് ബാക്കിയാകുമോ?" അവർ പറഞ്ഞു: "ഇല്ല" . അപ്പോൾ പ്രവാചകൻ പറഞ്ഞു: "അപ്രകാരം അല്ലാഹു ദിനേനയുള്ള അഞ്ചുനേരത്തെ നമസ്കാരത്തിലൂടെ പാപങ്ങൾ തുടച്ചു നീക്കുന്നു".

### പ്രശ്നപരിഹാരം

നിങ്ങൾ അല്ലാഹുവുമായുള്ള ബന്ധം സുദൃഢമാക്കിയാൽ തന്റെ ഇതര സൃഷ്ടികളെക്കാൾ അല്ലാഹു നിങ്ങളുമായുള്ള ബന്ധവും ശക്തമാക്കും. നമസ്കാരത്തിലൂടെ സർവശക്തനായിട്ടുള്ളവൻ നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കും.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മുഖേന(അല്ലാഹുവിനോട് ) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (ക്വുർആൻ2:153).

### മുസ്‌ലിംകളെ ഐക്യപ്പെടുത്തുന്നു

സംഘ നമസ്കാരങ്ങൾ മുസ്‌ലിംകൾക്കിടയിൽ സാഹോദര്യവും സമത്വവും വിനയവും നട്ടുവളർത്തുന്നു. ആരാധകർ വരികളിൽ തോളോട് തോൾചേർന്ന് വർഗ,ദേശ,നിറ, കുല,സാമ്പത്തിക സ്ഥാനവ്യത്യാസങ്ങളില്ലാതെ ഒരൊറ്റ ശരീരമായി നിൽക്കുകയാണ്. ഒരുമ നിറഞ്ഞ ഈ കർമം ജനങ്ങളിൽ നിലനിൽക്കുന്ന എല്ലാ മതിൽക്കെട്ടുകളേയും തകർക്കാൻ കഴിവുറ്റതാണ്.

### നമസ്കാരം ഉപേക്ഷിക്കൽ

"ഹേ; മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചു കളഞ്ഞതെന്താണ്?" (ക്വുർആൻ 82:6).

### സ്രഷ്ടാവിനോടുള്ള ധിക്കാരം

നിങ്ങളുടെ നിലനിൽപു തന്നെ അല്ലാഹുവെ അരാധിക്കുവാനായിരിക്കെ ദിനേന നിങ്ങളുടെ സ്രഷ്ടാവിനെ ധിക്കരിക്കുകയോ?

"എന്നിട്ട് അവർക്ക് ശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തൻമൂലം ദുർമാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്. എന്നാൽ പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവർ ഇതിൽനിന്നൊഴിവാകുന്നു. അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒട്ടും അനീതിക്ക് വിധേയരാവുകയില്ല" (ക്വുർആൻ 19:59 – 60).

"നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്തൊന്നാണെന്ന്. അവർ (കുറ്റവാളികൾ) മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല" (ക്വുർആൻ 74:42 – 43).